# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2735 — 10.12.2014 - ൽ മറുപടിയ്ക്ക്

**പറമ്പിക്കുളം കരാർ - കേരളവും തമിഴ്നാടും തമ്മിലുളള ധാരണ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**ശ്രീ. തോമസ് ചാണ്ടി** | | **ശ്രീ. പി. ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) പറമ്പിക്കുളം കരാറിൽ 30 കൊല്ലത്തെ ഓരോ ഗേജിംഗ് പോയിന്റുകളിലേയും അളവെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ ജലം വിഭജിക്കാനുളള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (എ) | പറമ്പിക്കുളം - ആളിയാർ പദ്ധതി (പി.എ.പി) കരാർ പുനരവലോകനം ചെയ്യുന്നതിലേക്കായി കേരളവും തമിഴ്നാടും തമ്മിൽ നിരവധി ചർച്ചകൾ നടന്നുവെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധികജല ലഭ്യത പങ്കുവയ്ക്കുന്നതുൾപ്പെടെയുളള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ പരസ്പരധാരണയിലെത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ കരാർ പുനരവലോകനം നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. |
| (ബി) ഇതിൽ ഏതെല്ലാം പ്രശ്നങ്ങളിൽ കേരളവും തമിഴ്നാടും തമ്മിൽ ധാരണയിൽ എത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;<br><br>(സി) ഇതിനായുളള കമ്മിറ്റിയുടെ 2005-ന് ശേഷമുളള മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) യും (സി) യും (ഡി) യും | (ബി) സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ കരാർ പുനരവലോകന ചർച്ചകളിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കേരളം മുന്നോട്ട് വയ്ക്കുകയും തമിഴ്നാട് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുമുണ്ടായി.<br><br>**i) മണക്കടവ്:** മണക്കടവ് വിയറിൽ കേരളത്തിന്റെ നിലവിലെ വിഹിതമായ 7.25 |

(ഡി) കേരളം കൊടുത്ത രണ്ടാമത്തെ മെമ്മോറാണ്ട പ്രകാരം ഏതെല്ലാം കാര്യങ്ങളിലാണ് ധാരണയിലെത്തിയത് എന്ന് വിശദമാക്കാമോ?

ടി.എം.സി. ജലം; പാലക്കാട് ജില്ലയിലെ ചിറ്റൂർപുഴ ആയക്കെട്ടിന് അപര്യാപ്തമായതിനാൽ 4.75 ടി.എം.സി. ജലം അധികമായി അനുവദിച്ച് മണക്കടവിലെ വിഹിതം 12 ടി.എം.സി. ആയി ഉയർത്തണം. കോണ്ടൂർ കനാൽ മൂലമുണ്ടാകുന്ന ജലനഷ്ടം കൂടി കണക്കിലെടുത്തും അധികജലലഭ്യതയുടെ അടിസ്ഥാനത്തിലുമാണ് കേരളം മേൽ നിർദ്ദേശം മുന്നോട്ട് വെച്ചത്. **മണക്കടവിന് മുകളിലായി ഒരു ബാലൻസിംഗ് റിസർവോയർ അനുവദിക്കുന്ന പക്ഷം, കേരളം ആവശ്യപ്പെട്ട പ്രകാരം മണക്കടവിൽ ജലവിഹിതം ഉയർത്തുന്ന കാര്യം പരിഗണിക്കാമെന്നുമാത്രമാണ് തമിഴ്നാട് അഭിപ്രായപ്പെട്ടത്.**

ii) **കേരള ഷോളയാർ:** ഷോളയാർ സബ് ബേസിനിലെ നിലവിലുള്ള ജല ലഭ്യത കരാർ ഉണ്ടാക്കുമ്പോൾ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ വർദ്ധിച്ചിട്ടുണ്ടെന്നും അത് സംയുക്തഗേജിങ്ങിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ അധിക ജലലഭ്യത ഇരു സംസ്ഥാനങ്ങളും തമ്മിൽ ആനുപാതികമായി പങ്കുവയ്ക്കണമെന്നും കേരളത്തിന്റെ വിഹിതം 12.3 ടി.എം.സി. യിൽ നിന്നും 14.8 ടി.എം.സി. ആയി പുനർനിർണ്ണയിക്കണമെന്നുമുള്ള കേരളത്തിന്റെ നിർദ്ദേശം തമിഴ്നാട് അംഗീകരിച്ചില്ല. ചാലക്കുടി ബേസിനിലെ ഷോളയാറിലേയും പറമ്പിക്കുളത്തേയും ജലലഭ്യത ഒരുമിച്ച് കണക്കാക്കേണ്ടതാണെന്നും അല്ലാതെ ഷോളയാർ സബ് ബേസിനിലെ ജല ലഭ്യത പ്രത്യേകം കണക്കാക്കാൻ നിർവ്വാഹമില്ലെന്നും അഭിപ്രായപ്പെട്ടാണ് തമിഴ്നാട് കേരളത്തിന്റെ നിർദ്ദേശത്തോട് വിയോജിച്ചത്.

iii) **പറമ്പിക്കുളം:** പറമ്പിക്കുളത്തെ നിലവിലെ ത്രഷോൾഡായ 16.5 ടി.എം.സി കൊണ്ട് കേരളത്തിന് പ്രയോജനം ലഭിക്കാത്തതിനാൽ

ആയത് 12.5 ടി.എം.സി ആയി കുറയ്ക്കണമെന്ന് കേരളം അഭിപ്രായം അറിയിച്ചപ്പോൾ ലോവർ നീരാർ ഒഴിവാക്കിയശേഷം പറമ്പിക്കുളം സബ് ബേസിനിലെ ത്രഷോൾഡ് 14 ടി.എം.സി യിൽ നിന്നും 13 ടി.എം.സി ആയി കുറയ്ക്കാമെന്ന് തമിഴ്നാട് നിർദ്ദേശിച്ചെങ്കിലും പ്രസ്തുത നിർദ്ദേശത്തോട് കേരളം യോജിച്ചില്ല.

**iv) ആനമലയാർ:** ആനമലയാറിൽ നിന്ന് 2.5 ടി.എം.സി ജലം തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിടുന്നതിനുള്ള കേരളത്തിന്റെ പദ്ധതി തൃപ്തികരമെന്ന് സാങ്കേതിത സാധ്യത പരിശോധിച്ച് കേരളം ഉറപ്പുവരുത്തിയതാണെങ്കിലും; പദ്ധതിയുടെ സാങ്കേതികസാദ്ധ്യതാറിപ്പോർട്ട് തമിഴ്നാടിന് പരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന് തമിഴ്നാടും അതിന്മേൽ തമിഴ്നാടിന്റെ പ്രതികരണം കാലവിളംബം കൂടാതെ അറിയിക്കണമെന്ന് കേരളവും ആവശ്യപ്പെടുകയുണ്ടായി.

**v) അപ്പർ നീരാർ:** അപ്പർ നീരാർ വിയറിൽ നിന്നും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേയ്ക്കുള്ള ജലം തിരിച്ചുവിടൽ തുടരണമെന്ന് കേരളം ആവശ്യപ്പെട്ടുവെങ്കിലും ഇടുക്കി, ഇടമലയാർ പദ്ധതികൾ പൂർത്തിയായിട്ടുള്ളതിനാൽ, മേൽപ്പറഞ്ഞ രീതിയിൽ ജലം തിരിച്ചുവിടുന്നത് നിർത്തണമെന്ന് തമിഴ്നാട് അഭിപ്രായപ്പെട്ടു. ആനമലയാർ ഡൈവേർഷന്റെ സാങ്കേതിക സാധ്യത പരിശോധിച്ചശേഷം ഈ വിഷയത്തിൽ പുന:പരിശോധന നടത്താമെന്നാണ് തമിഴ്നാട് അറിയിച്ചത്.

**vi) നീരാർ നല്ലാർ സൈഫയിറ്റ് കട്ട്:** നീരാർ നല്ലാർ സൈഫയിറ്റ് കട്ട് പദ്ധതിയ്ക്കുവേണ്ടി തമിഴ്നാട് ശക്തമായി വാദിച്ചെങ്കിലും; കരാറിന്റെ പുറത്തുള്ള പദ്ധതിയെന്ന കാരണത്താൽ കേരളം പ്രസ്തുത നിർദ്ദേശത്തോട് യോജിച്ചില്ല.

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം കേരളത്തിനു അധികമായി ലഭ്യമാക്കാൻ കഴിയുന്ന നേട്ടങ്ങൾ വിശദീകരിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചാൽ, തമിഴ്നാടിന്റെ ആവശ്യം പരിഗണനയ്ക്കെടുക്കുവാനുള്ള സന്നദ്ധത കേരളം പ്രകടിപ്പിക്കുകയുണ്ടായി.

കരാർ പുനരവലോകന ചർച്ചകളിൽ മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഇരുസംസ്ഥാനങ്ങളും അവരവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുവെങ്കിലും അത്തരം കാര്യങ്ങളിൽ ധാരണയിലെത്തി യോജിച്ച തീരുമാനം കൈക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല. പരസ്പര ധാരണയിലെത്തി ഇരു സംസ്ഥാനങ്ങളുടെയും താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന തരത്തിൽ കൂട്ടായ തീരുമാനം ഉണ്ടാകുന്നതിനുള്ള പരിശ്രമങ്ങൾ തുടരേണ്ടതുണ്ട്. ഇതിനായി കൂടുതൽ ചർച്ചകളും ആവശ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എ.പി. കരാർ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ ഇരു സംസ്ഥാനങ്ങളിലേയും വകുപ്പ് മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ 28.04.2013-ൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് കേരളം അംഗീകരിച്ച് തമിഴ്നാടിന് അയച്ച് കൊടുത്തിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ